"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല- കാഞ്ചിയാർ ഗ്രാമപ്പഞ്ചായത്ത് - 2013-14 വർഷത്തെ സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട് -ഖണ്ഡിക 3-1 - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്**

സ.ഉ.(സാധാ) നം.2090/2025/LSGD തീയതി,തിരുവനന്തപുരം, 23-08-2025

---

പരാമർശം:-
1. പഞ്ചായത്ത് ഡയറക്ടറുടെ 21.11.2022-ലെ PAN/16786/2022-M3(DP) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 03.04.2023-ലെ ഡി.കെ.എസ്.എ./34/2023-പി.റ്റി.1 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിൽ 2013-14 വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ജലസേചന പമ്പ്സെറ്റ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട കുറഞ്ഞ ടെണ്ടർ മറികടന്ന് ഉയർന്ന ടെണ്ടർ സ്വീകരിച്ച് വാങ്ങൽ നടത്തിയതിനാൽ 1,78,080/- രൂപ ഓഡിറ്റിൽ നിരാകരിച്ചിരുന്നു. ടി നഷ്ടം തെറ്റായ തീരുമാനം എടുത്ത കമ്മിറ്റി അംഗങ്ങൾ, ഔദ്യോഗികമായി തടസ്സവാദം ഉന്നയിക്കാതെ ഈ തീരുമാന പ്രകാരം പർച്ചേയ്സ് നടത്തിയ കൃഷി ആഫീസർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ് എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്.

2. 2013-14 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹണം നടത്തിയ പമ്പ് സെറ്റ് വിതരണം എന്ന പദ്ധതിക്കു വേണ്ടി 8,00,000/- രൂപ (400000/- പദ്ധതി വിഹിതം, 4,00,000/- രൂപ ഗുണഭോക്തൃ വിഹിതം) വകയിരുത്തിയിരുന്നു. പഞ്ചായത്ത് കാർഷിക ആവശ്യത്തിനായി ISO ഗുണനിലവാരമുള്ള പമ്പ് സെറ്റുകൾ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം നൽകുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നതെന്നും, പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥിതിയും മുൻ വർഷങ്ങളിൽ പ്രസ്തുത പമ്പ്സെറ്റുകൾ വിതരണം നടത്തിയതിൽ ഗുണഭോക്താക്കളുടെ ഭാഗത്തുനിന്നും നല്ല അഭിപ്രായം ലഭിച്ച സാഹചര്യത്തിലുമാണ് കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത സ്ഥാപനം ഒഴിവാക്കി കൂടിയ നിരക്കിൽ ക്വോട്ട് ചെയ്ത സ്ഥാപനത്തെ അംഗീകരിച്ച് 05.12.2013-ൽ പഞ്ചായത്ത് കമ്മിറ്റി 16-ാം നമ്പർ തീരുമാനമെടുത്തിട്ടുള്ളതെന്നും വ്യക്തമാക്കിയിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ ഗുണഭോക്താക്കളുടെ ആവശ്യം പരിഗണിച്ച് പമ്പ്സെറ്റിന്റെ ഗുണമേന്മ പരിശോധിച്ചും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം മുൻനിർത്തിയുമാണ് കൃഷി ഓഫീസർ നിർവഹണം നടപ്പാക്കിയിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പരാമർശത്തിന്മേൽ

സാധുകരണത്തിനായി ശുപാർശ ചെയ്യുന്നതിനു ഇടുക്കി ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതിയും തീരുമാനിച്ചിട്ടുണ്ട്. സാധൂകരണം ലഭിക്കുന്നതിലേക്കായി ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്, ആയതിന്മേലുള്ള സെക്രട്ടറിയുടെ റിപ്പോർട്ട്, പഞ്ചായത്ത് കമ്മറ്റി തീരുമാനം , മോണിറ്ററിംഗ് സമിതി തീരുമാനം എന്നിവ സഹിതം അനുകൂല ശിപാർശയോടെയാണ് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

3. കാഞ്ചിയാർ ഗ്രാമപഞ്ചായത്തിൽ 2013-14 വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ ജലസേചന പമ്പ് സെറ്റ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതി അംഗങ്ങളും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പഞ്ചായത്തിന് യാതൊരു സാമ്പത്തിക നഷ്ടവും വരുത്തിയിട്ടില്ലയെന്നുള്ള കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം (20.10.2020 ലെ 9/1 നമ്പർ തീരുമാനം) പരിഗണിച്ചും പ്രസ്തുത പരാമർശത്തിന് സാധുകരണം നൽകാവുന്നതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്യുന്നു.

4. സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചു. കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ ഭരണ സമിതി തീരുമാനം, ഇടുക്കി ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതി തീരുമാനം, പഞ്ചായത്ത് ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ എന്നിവരുടെ അനുകൂല ശിപാർശകളുടെ അടിസ്ഥാനത്തിലും, പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലാത്തതും, നിർവഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ ഗുണഭോക്താക്കളുടെ ആവശ്യം പരിഗണച്ച് പമ്പ് സെറ്റിന്റെ ഗുണമേന്മ പരിശോധിച്ചും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം മുൻനിർത്തിയുമാണ് കൃഷി ഓഫീസർ നിർവഹണം നടപ്പാക്കിയിട്ടുള്ളത് എന്നത് പരിഗണിച്ചും, മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരമല്ലാതെ പ്രവർത്തികൾ ചെയ്യുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കണം എന്ന വ്യവസ്ഥയോടെയും മേലിൽ ഇത്തരം അപാകങ്ങളും മാനദണ്ഡങ്ങളുടെ ലംഘനവും ആവർത്തിക്കരുതെന്ന താക്കീതോടെയും ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപ്പഞ്ചായത്തിന്റെ 2013-14 വർഷത്തെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-1 തടസ്സപ്പെടുത്തിയ 1,78,080/- രൂപയുടെ (ഒരു ലക്ഷത്തി എഴുപത്തിയെണ്ണായിരത്തി എൺപതു രൂപ മാത്രം) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
സെക്രട്ടറി, കാഞ്ചിയാർ ഗ്രാമപഞ്ചായത്ത്, ഇടുക്കി.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി(AB3/45/2022-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
Date: 23-08-2025 15:52:27

സെക്ഷൻ ഓഫീസർ